File No.AYUSH-A3/117/2020-AYUSH

# പതിനാലാം കേരള നിയമസഭ

## പത്തൊൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 1836

10.03.2020-ൽ മറുപടിയ്ക്ക്

## പരിയാരം സർക്കാർ ആയുർവേദ കോളേജ്

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.റ്റി.വി.രാജേഷ്** | | കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത -ശിശു വികസനവും വകുപ്പമന്ത്രി) |
| (എ) | കണ്ണൂർ പരിയാരം സർക്കാർ ആയുർവേദ കോളേജിൽ ഇപ്പോൾ നടന്നു വരുന്ന പ്രവൃത്തികൾ എന്തൊക്കെയാണെന്നും പ്രവൃത്തികൾ എപ്പോഴേക്ക് പൂർത്തിയാക്കാൻ കഴിയുമെന്നും അറിയിക്കാമോ; | (എ) | കണ്ണൂർ സർക്കാർ ആയുർവേദ കോളേജിൽ ചുവടെ കൊടുത്തിരിക്കുന്ന നിർമ്മാണ പ്രവൃത്തികൾ ഇപ്പോൾ നടന്നുവരുന്നുണ്ട്.<br><br>1) **സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രി**<br>• സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രിയിൽ കേന്ദ്ര പൊതുമേഖലാ സ്ഥാപനവും കൺസൾട്ടന്റുമായ എച്ച്.എൽ.എൽ. ഹൈറ്റ്സ് മുഖാന്തരം ഓപ്പറേഷൻ തീയേറ്റർ, ലേബർ റൂം, പോസ്റ്റ് ഓപ്പറേറ്റീവ് വാർഡ്, ഒബ്സർവേഷൻ മുറി എന്നിവ സജ്ജീകരിക്കൽ, രണ്ടാം നിലയിലുള്ള ഇലക്ട്രിഫിക്കേഷൻ പ്രവൃത്തികൾ, എം.ജി.പി.എസ്. മുറിയുടെ നിർമ്മാണം, രണ്ടാം നിലയിലുള്ള മറ്റ് നിർമ്മാണ പ്രവൃത്തികൾ എന്നിവ നടന്നുവരുന്നു. ഈ പ്രവൃത്തികൾ മൂന്ന് മാസത്തിനുള്ളിൽ പൂർത്തീകരിക്കുമെന്ന് പ്രതീക്ഷിക്കുന്നു.<br>• സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രി കെട്ടിടത്തിന്റെ 1,3 നിലകളുടെ ഇലക്ട്രിഫിക്കേഷൻ പ്രവൃത്തികൾ പൊതുമരാമത്ത് ഇലക്ട്രിക്കൽ വിഭാഗം മുഖാന്തരം നടന്നുവരുന്നു. ഈ പ്രവൃത്തികൾ ആറ് മാസത്തിനുള്ളിൽ |

| | | |
|---|---|---|
| | | പൂർത്തീകരിക്കുമെന്ന് പ്രതീക്ഷിക്കുന്നു.<br>• സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രി കെട്ടിടത്തിൽ റാമ്പ് നിർമ്മാണം, മുറ്റം ഇന്റർ ലോക്കിംഗ് ചെയ്യുന്ന പ്രവൃത്തി എന്നിവയ്ക്ക് പൊതുമരാമത്ത് കെട്ടിട വിഭാഗം ടെൻഡർ ക്ഷണിക്കുകയും പ്രവൃത്തി ആരംഭിക്കുന്നതിനുള്ള ഉത്തരവ് ബന്ധപ്പെട്ട കരാറുകാരന് നൽകുകയും ചെയ്തിട്ടുണ്ട്.<br>**2) ലേഡീസ് ഹോസ്റ്റൽ**<br>കണ്ണൂർ സർക്കാർ ആയുർവേദ കോളേജിനു വേണ്ടി പെൺകുട്ടികളുടെ പുതിയ ഹോസ്റ്റൽ കെട്ടിടത്തിന്റെ നിർമ്മാണം നടന്നുവരുന്നു. പ്രസ്തുത പ്രവൃത്തി 7 മാസത്തിനുള്ളിൽ പൂർത്തീകരിക്കുമെന്ന് പ്രതീക്ഷിക്കുന്നു. |
| (ബി) ഈ വർഷത്തെ ബജറ്റിൽ പ്രസ്തുത കോളേജിന്റെ പ്രവൃത്തികൾക്ക് എത്ര ഫണ്ട് ലഭ്യമാക്കിയിട്ടുണ്ട്; വിശദമാക്കാമോ? | (ബി) | കണ്ണൂർ സർക്കാർ ആയുർവേദ കോളേജിനു വേണ്ടി മൂലധന ശീർഷകമായ 4210-03-101-93 എന്ന ശീർഷകത്തിൽ കെട്ടിടനിർമ്മാണത്തിന് വേണ്ടി രണ്ട് കോടി രൂപ അനുവദിച്ചിട്ടുണ്ട്. കെട്ടിടത്തിന്റെ നിർമ്മാണ പ്രവൃത്തിക്കു വേണ്ടി അനുവദിച്ച തുക അപര്യാപ്തമായതിനാൽ അക്കാദമിക് ബ്ലോക്ക് നിർമ്മാണം, പെൺകുട്ടികളുടെ ഹോസ്റ്റലിന്റെ തുടർ നിർമ്മാണ പ്രവൃത്തികൾ എന്നിവയ്ക്ക് വേണ്ടി 25 കോടി രൂപ കൂടി അനുവദിക്കണമെന്ന് സബ്ജക്ട് കമ്മിറ്റിക്ക് ശുപാർശ സമർപ്പിച്ചിട്ടുണ്ട്. |

Signature valid
Digitally signed by SANGEETHA T S
Date 2020.03.10 ... 52:41 IST
Reason Approved

സെക്ഷൻ ഓഫീസർ